ഭൂരഹിതർക്ക് ഭൂമി

159(1226) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിന് സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ബി) ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പ്രഖ്യാപിച്ച പദ്ധതി ലക്ഷ്യം നേടാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭൂമിക്കുവേണ്ടി സംസ്ഥാന വ്യാപകമായി നടന്ന പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ അംഗീകരിച്ച ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) സമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെടുകയും കുടിൽകെട്ടുകയും ചെയ്തു മിച്ച ഭൂമി ഏറ്റെടുക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖയില്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. ലഭ്യമായ അപേക്ഷകളിൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തിയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത്. 243928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഇതിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	പട്ടികജാതിക്കാർ	പട്ടികവർഗ്ഗക്കാർ
തിരുവനന്തപുരം	6585	34
കൊല്ലം	3363	19
പത്തനംതിട്ട	1779	68
ആലപ്പുഴ	1513	86
കോട്ടയം	1115	119
ഇടുക്കി	2543	63
എറണാകുളം	4128	182
തൃശ്ശൂർ	4792	23
പാലക്കാട്	4229	311
മലപ്പുറം	3695	195
കോഴിക്കോട്	456	15
വയനാട്	285	862
കണ്ണൂർ	799	73
കാസർഗോഡ്	566	176
ആകെ	35848	2226

(ബി) പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം പൂർത്തീകരിച്ചപ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിക്കൊണ്ട് ടി ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയ വിതരണം ആരംഭിച്ചതോടെ ഇടുക്കി ജില്ലയിലെയും മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഭൂമി അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(സി) മേൽപ്രകാരമുള്ള രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ മിച്ചഭൂമികൾ നിയമാനുസൃത മാർഗ്ഗത്തിലൂടെയാണ് ഏറ്റെടുക്കുന്നത്.

GPM. 2/239/2020-27

LIBRARY ARCHIVES Kerala Legislative Assembly